# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1428 07.06.2018 -ലെ മറുപടിയ്ക്ക്

### ഉന്നത വിദ്യാഭ്യാസരംഗത്തെ ശാക്തീകരണം

ചോദ്യം

ശ്രീ. രാജു എബ്രഹാം
,, കെ. ബാബു
,, എം. രാജഗോപാലൻ
,, പി.കെ. ശശി

ഉത്തരം

പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവകലാശാലകളുടെയും കോളേജുകളുടെയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും അധ്യാപകരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടും ഉന്നത വിദ്യാഭ്യാസം ശാക്തീകരിക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | റൂസ പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>➢ 6 യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 20 കോടി രൂപ വീതം നൽകിയിട്ടുണ്ട്.<br>➢ 20 ഗവ.കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം നൽകിയിട്ടുണ്ട്.<br>➢ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.<br>➢ കേരള സർവ്വകലാശാലയിലെ യു. ജി. സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.<br>➢ സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br>➢ മാതൃകാ കോളേജ് പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>➢ 31 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>➢ സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>➢ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ-ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.<br>➢ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.<br>➢ 'ശാസ്ത്രയാൻ പദ്ധതി 2018'- സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി.<br>➢<br>➢ റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയ്ക്കും കൺസോർഷ്യത്തിനും 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി റൂസ അംഗീകാരം നൽകിയിട്ടുണ്ട്.<br>➢ 5 സ്വയംഭരണ കോളേജുകൾക്ക് 5 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്കും റൂസ-2 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്തെ മികച്ച 100 കോളേജുകളിൽ 17 എണ്ണവും സർവ്വകലാശാലകളിൽ 4 എണ്ണവും കേരളത്തിലാണെന്നത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്തെ മികവ് വെളിപ്പെടുത്തുമ്പോൾ അത് കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ വിവേചന പൂർണ്ണമായ പ്രവർത്തനം എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഉന്നതവിദ്യഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രതികൂലമായി റൂസ വിവേചന പൂർണ്ണമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല |
| (സി) | റൂസയിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC ഗ്രേഡും, സ്വയംഭരണ പദവിയും സാമൂഹിക-ശാസ്ത്ര ഗവേഷണ രംഗത്ത് സർവ്വകലാശാലകൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങളുമാണ്. |

സെക്ഷൻ ഓഫീസർ